പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1150 — 04.02.2019-ൽ മറുപടിക്ക്

## കന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണത്തിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (എ) കന്നിപ്പുറം-നെയ്യാറ്റിൻകര പാലത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി. സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയായ ശേഷം പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. |
| (ബി). പ്രസ്തുത നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജന്റ് ചാർജ് ഇനത്തിൽ 2,75,436/- രൂപ ബന്ധപ്പെട്ട എൽ.എ തഹസീൽദാർക്ക് ഒടുക്കിയിട്ടുണ്ട്. കൂടാതെ അലൈൻമെന്റിൽ നഷ്ടപ്പെട്ട അതിർത്തി കല്ലുകൾ പുനസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം റവന്യൂ വകുപ്പിൽ നിന്ന് സ്ഥലം ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. |
| (സി) 2019 മാർച്ചിന് മുൻപ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയുമോ എന്ന് അറിയിക്കാമോ? | (സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമേ പാലം നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2019 മാർച്ച് മാസത്തിന് മുൻപ് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയില്ല. |

S. Bindu

സെക്ഷൻ ഓഫീസർ